# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE: 27.06.2026

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സെയ്ഷെൽസ് സന്ദർശനത്തിന് തുടക്കമായി; ഇന്ത്യയുടെ സമുദ്ര അതിർത്തിയിലെ സുപ്രധാന പങ്കാളിയാണ് സെയ്ഷെൽസെന്ന് പ്രധാനമന്ത്രി.

2. എം എസ് എം ഇ ദിനത്തിൽ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച 'ഉദ്യമി ഭാരത്' സമ്മേളനം ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

3. കീം പ്രവേശന പരീക്ഷ ഫലം അല്പസമയത്തിനകം മന്ത്രി റോജി.എം.ജോൺ പ്രഖ്യാപിക്കും.

4. പ്രശസ്ത സംവിധായകനും നടനും തിരക്കഥാകൃത്തുമായ കെ.ഭാഗ്യരാജ് ചെന്നൈയിൽ അന്തരിച്ചു.

5. സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ് ; വടക്കൻ ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. ഫിഫ ലോകകപ്പിൽ ഗ്രൂപ്പ് ജി-യിൽ ന്യൂസിലാന്റിനെ തകർത്ത് ബെൽജിയം നോക്കൗട്ട് റൗണ്ടിൽ പ്രവേശിച്ചു.

******************************

RNU TVPM

## പ്രധാനമന്ത്രി- സെയ്ഷെൽസ്

സെയ്ഷെൽസ് ഇന്ത്യയുടെ സമുദ്ര അതിർത്തിയിലെ സുപ്രധാന അയൽരാജ്യവും പങ്കാളിയുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ത്രിദിന സെയ്ഷെൽസ് സന്ദർശനത്തിന് മുന്നോടിയായി പുറപ്പെടുവിച്ച പ്രസ്താവനയിലാണ് പ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. ഇന്ത്യയുടെ 'മഹാസാഗർ' ദർശനത്തിലും ഗ്ലോബൽ സൗത്ത് അഥവാ വികസ്വര രാജ്യങ്ങളുടെ കൂട്ടായ്മയോടുള്ള പ്രതിബദ്ധതയിലും സെയ്ഷെൽസ് നിർണായക പങ്കുവഹിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സന്ദർശന വേളയിൽ സെയ്ഷെൽസ് പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനിയുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. സെയ്ഷെൽസ് ദേശീയ അസംബ്ലിയെ അഭിസംബോധന ചെയ്യുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാകാൻ പോകുന്നതിന്റെ സന്തോഷവും ശ്രീ മോദി പങ്കുവെച്ചു. സെയ്ഷെൽസിലെ ഇന്ത്യൻ സമൂഹവുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

******************************

## എം.എസ്.എം.ഇ

അന്താരാഷ്ട്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച 'ഉദ്യമി ഭാരത്' സമ്മേളനം ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. രാജ്യത്തെ എം.എസ്.എം.ഇ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി അത്യാധുനിക ഡിജിറ്റൽ പോർട്ടലുകളും പദ്ധതികളും ഉപരാഷട്രപതി ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച, തൊഴിലവസരങ്ങൾ, നൂതനാശയ എന്നിവയിൽ എം.എസ്.എം.ഇ മേഖല നൽകുന്ന സംഭാവനകളെ ആദരിക്കുന്നതിനാണ് എല്ലാ വർഷവും ജൂൺ 27 എം.എസ്.എം.ഇ ദിനമായി ആഘോഷിക്കുന്നത്.

******************************

RNU TVPM

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 135-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലൂടെയും മൻ കി ബാത്ത് തത്സമയം കേൾക്കാം. തുടർന്ന് പ്രാദേശിക ഭാഷകളിലെ പരിഭാഷയുമുണ്ടാകും.

******************************

## സെൻസസ് - സെൽഫ് എന്യൂമറേഷൻ

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം മൂന്ന് ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

RNU TVPM

******************************

## സെൻസസ് - പത്തനംതിട്ട (ഇൻട്രോ)

പത്തനംതിട്ട ജില്ലയിൽ സെൻസസുമായി ബന്ധപ്പെട്ട് സെൽഫ് എന്യൂമറേഷൻ പുരോഗമിക്കുന്നു. ജില്ലയിൽ ഇതുവരെ 23,943 കുടുംബങ്ങൾ വിവരങ്ങൾ രേഖപ്പെടുത്തി.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...........**

(വോയ്സ്)

******************************

## നിയമസഭ

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചയും വോട്ടെടുപ്പും രണ്ടു ദിവസങ്ങളിലായി നടക്കും. പരിഷ്കരിച്ച ബജറ്റുമായി ബന്ധപ്പെട്ട ധനവിനിയോഗ ബിൽ സഭ ബുധനാഴ്ച പരിഗണിക്കും.

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

******************************

## കീം ഫലപ്രഖ്യാപനം

കേരള എൻജിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷ ഫലം ഇന്ന് പ്രഖ്യാപിക്കും. എറണാകുളം കളമശേരി, പത്തടിപാലം ഗവൺമെന്റ് റെസ്റ്റ് ഹൗസിൽ അല്പസമയത്തിനകം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി. എം. ജോൺ ഫലപ്രഖ്യാപനം നടത്തും. cee.kerala.gov.in വെബ്സൈറ്റിൽ ഫലം ലഭ്യമാകും.

******************************

## പൾസ് പോളിയോ

രാജ്യവ്യാപകമായി നടത്തുന്ന പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം നാളെ നടക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ തിരുവനന്തപുരത്ത് തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ മന്ത്രി കെ. മുരളീധരൻ നിർവ്വഹിക്കും. അഞ്ച് വയസുവരെയുള്ള 19.8 ലക്ഷം

RNU TVPM

കുഞ്ഞുങ്ങൾക്ക് പോളിയോ തുള്ളിമരുന്നു നൽകും. ഇതിനായി 22,288 ബൂത്തുകൾ സജീകരിക്കും.

********************************

## ലഹരി മാഫിയ - പാലക്കാട് (ഇൻട്രോ)

ലഹരി മാഫിയക്കെതിരെ എക്സൈസ് വകുപ്പിന്റെ ഓപ്പറേഷൻ തണ്ടർ ഒരുമാസം പിന്നിടുമ്പോൾ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കേസുകൾ പിടികൂടിയ ജില്ലയായി പാലക്കാട്. ഒരു മാസത്തിനിടയിൽ 317 കേസുകളാണ് ജില്ലയിൽ രജിസ്റ്റർ ചെയ്യതത്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്......**

(വോയ്സ്)

********************************

## കെ. ഭാഗ്യരാജ് അന്തരിച്ചു

പ്രശസ്ത സംവിധായകനും നടനും തിരക്കഥാകൃത്തുമായ കെ. ഭാഗ്യരാജ് അന്തരിച്ചു. 73 വയസായിരുന്നു. ചെന്നൈയിൽ ഹൃദയാഘാതത്തെ തുടർന്നാണ് അന്ത്യം. 1979-ൽ പുറത്തിറങ്ങിയ 'സുവരില്ലാത ചിത്രങ്ങൾ' എന്ന ചിത്രത്തിലൂടെയാണ് അദ്ദേഹം സംവിധായകനായി അരങ്ങേറ്റം കുറിച്ചത്. 25 സിനിമകൾ സംവിധാനം ചെയ്തിട്ടുണ്ട്. മിസ്റ്റർ മരുമകൻ, ഏയ്ഞ്ചൽ ജോൺ എന്നീ മലയാള സിനിമകളിലും ഭാഗ്യരാജ് അഭിനയിച്ചിട്ടുണ്ട്. ഭാഗ്യരാജിന്റെ നിര്യാണത്തിൽ ഗവർണർ രാജേന്ദ്രവിശ്വനാഥ് ആർലേക്കർ, തമിഴ്നാട് മുഖ്യമന്ത്രി സി. ജോസഫ് വിജയ് ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

********************************

RNUTVPM

## മഴ - സംസ്ഥാനം

കേരളത്തിൽ വിവിധയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെ പത്തനംതിട്ട മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*******************************

## കോഴിയും കൂടും പദ്ധതി-ഇടുക്കി(ഇൻട്രോ)

ഇടുക്കി, ഇടമലക്കുടി ഗോത്രവർഗ മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി 'കോഴിയും കൂടും' പദ്ധതിക്ക് തുടക്കമായി. കുടുംബശ്രീയുടെ ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......**

(വോയ്സ്)

*******************************

## ഫിഫ ലോകകപ്പ്

2026 ഫിഫ ലോകകപ്പിൽ ഗ്രൂപ്പ് ജിയിൽ ന്യൂസിലാന്റിനെ തകർത്ത് ബെൽജിയം നോക്കൗട്ട് റൗണ്ടിൽ പ്രവേശിച്ചു. ഒന്നിനെതിരെ 5 ഗോളുകൾക്കാണ് ബെൽജിയത്തിന്റെ ജയം. ഇതോടെ ന്യൂസിലാന്റ് ലോകകപ്പിൽ നിന്ന് പുറത്തായി. അതേസമയം ഈജിപ്റ്റും ഇറാനും തമ്മിലുള്ള പോരാട്ടം സമനിലയിൽ കലാശിച്ചു.

RNUTVPM

സിയാറ്റിൽ നടന്ന മത്സരത്തിൽ ഇരുടീമുകളും ഓരോ ഗോളുകൾ വീതം നേടി. പോയിന്റ് പട്ടികയിൽ രണ്ടാമതുള്ള ഈജിപ്റ്റും നോക്കൗട്ട് സാധ്യത നിലനിർത്തി. ഗ്രൂപ്പ് എച്ചിലെ നിർണായക മത്സരത്തിൽ യുറഗ്വയെ സ്പെയിൻ ഒരു ഗോളിന് പരാജയപ്പെടുത്തി. ഇതോടെ മൂന്നു മത്സരങ്ങളിൽ നിന്ന് രണ്ട് ജയവും ഒരു സമനിലയുമായി 7 പോയിന്റോടെ സ്പെയിൻ നോക്കൗട്ട് യോഗ്യത നേടി. മറ്റൊരു മത്സരത്തിൽ സൗദി അറേബ്യയെ സമനിലയിൽ തളച്ച് കേപ് വെർദയും നോക്കൗട്ട് റൗണ്ടിൽ പ്രവേശിച്ചു.

******************************

## സംസ്ഥാനതല ഉദ്ഘാടനം - ബ്ലൈൻഡ്

കേരളാ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് സംസ്ഥാന കമ്മിറ്റിയുടേയും കോഴിക്കോട് കോർപ്പറേഷൻ സമന്വയ പ്രോജക്റ്റിൻറേയും സംയുക്താഭിമുഖ്യത്തിൽ കാഴ്ചയില്ലാത്ത വനിതകളുടെ സംസ്ഥാന സംഗമവും ഹെലൻ കെല്ലറുടെ 147-ാമത് ജന്മദിനവും പുതിയറ എസ്.കെ പൊറ്റക്കാട് ഓഡിറ്റോറിയത്തിൽ നടന്നു. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി പി.കെ ബഷീർ നിർവ്വഹിച്ചു..

PNUTVPM

******************************

## ലക്ഷദ്വീപ് എക്സൈസ് റഗുലേഷൻ

ലക്ഷദ്വീപ് എക്സൈസ് റഗുലേഷൻ 2026' നിയമം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ലക്ഷദ്വീപ് പാർലമെന്റ് അംഗം ഹംദുള്ള സയീദ്, രാഷ്ട്രപതി ദ്രൗപദി മുർമുവിന് കത്തയച്ചു. പുതിയ നിയമം, ദ്വീപിലെ ജനങ്ങളുടെ തനതായ ഗോത്ര സംസ്കാരം, സാമൂഹിക ഘടന, സമാധാനപരമായ അന്തരീക്ഷം എന്നിവയ്ക്ക് ഭീഷണിയാണെന്ന് അദ്ദേഹം കത്തിൽ പരാമർശിച്ചു. മദ്യത്തിന്റെ വ്യാപനം ദ്വീപിലെ സ്ത്രീകളുടെയും കുട്ടികളുടെയും

യുവാക്കളുടെയും സുരക്ഷിതത്വത്തെ ബാധിക്കുമെന്നും അതിനാൽ നിയമം, അടിയന്തരമായി പുനഃപരിശോധിക്കണമെന്നും, അദ്ദേഹം രാഷ്ട്രപതിയോട് അഭ്യർത്ഥിച്ചു.

******************************

## കാട്ടാന ആക്രമണം

കണ്ണൂർ ജില്ലയിലെ ആറളത്തും കണിച്ചാറിലും കാട്ടാന ആക്രമണം. ആറളത്ത് ആർ ആർ ടിയുടെ പട്രോളിങ് വാഹനത്തിന് നേരെയാണ് ആക്രമണമുണ്ടായത്. വാഹനത്തിൽ ഉണ്ടായിരുന്ന 5 ജീവനക്കാർ നിസ്സാര പരിക്കുകളോടെ രക്ഷപ്പെട്ടു. കണിച്ചാർ ഓടംന്തോട്ടിൽ ഇന്നലെ രാത്രിയും ഇന്ന് പുലർച്ചെയും ആണ് ആനയുടെ ആക്രമണം ഉണ്ടായത്. മന്ത്രി സണ്ണി ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന വികസന സമിതി യോഗത്തിൽ വിഷയം ചർച്ച ചെയ്തു.

*******************************************************************************
*************

RNU TVPM